**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 87** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>പൂഞ്ഞാർ മണ്ഡലത്തിൽ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്ത നിവാരണ (എ) വകുപ്പിന്റെ 29.10.2021 ലെ സ.ഉ.(കൈ)നം. 5/2021/D.M.D. പ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളേയും മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളേയും നിലവിലെ സ്ഥലത്ത് നിന്നും മാറ്റേണ്ടതും ഇവർക്ക് വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് പത്ത് ലക്ഷം രൂപ വീതം നൽകേണ്ടതാണെന്നുമുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** റിപ്പോർട്ടിന്മേൽ സംയുക്ത പരിശോധന നടത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക സമയബന്ധിതമായി സാധ്യതാ അവലോകന ചെക്ക് ലിസ്റ്റ് സമർപ്പിക്കുന്നതിന് ജില്ലാ ജിയോളജിസ്റ്റ്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ജില്ലാ |ഹസാർഡ് അനലിസ്റ്റ് എന്നിവർക്ക് 01/11/2025 ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ കുടുംബങ്ങളുടെയും തൽസ്ഥിതി നേരിൽ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നതിനും സംയുക്ത പരിശോധന നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനും കാഞ്ഞിരപ്പള്ളി, മീനച്ചിൽ തഹസിൽദാർമാർക്ക് 12/12/2025ൽ നിർദ്ദേശം നല്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**